A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

512

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

## മലയാളം

ക്ലാസ്സ് : 5 | അടിസ്ഥാനപാഠാവലി | സമയം: 2 മണിക്കൂർ

### നിർദ്ദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1**

'വൃക്ഷത്തെ സ്നേഹിച്ച ബാലൻ' എന്ന കഥയിൽ നിന്ന് വൃക്ഷങ്ങളെ നാം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്ന് മനസ്സിലാക്കിയല്ലോ.

വൃക്ഷങ്ങളെ മാത്രമല്ല ചെടികളെ, പൂക്കളെ, പൂമ്പാറ്റകളെ, കിളികളെ, പുഴകളെ, . . . എല്ലാം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

ഒരു കഥ വായിക്കാം.

**കുരുവിയും കാട്ടുതീയും**

കാട്ടിൽ തീ പടർന്നു.

പക്ഷികളും മൃഗങ്ങളും ജീവനുവേണ്ടി പരക്കം പാഞ്ഞു. ഒത്തിരി മൃഗങ്ങൾ കാട്ടുതീയിൽ വെന്തുമരിച്ചു. ഈ സമയത്ത് ഒരു കൊച്ചു കുരുവി മാത്രം പുഴയിൽ നിന്നും കൊച്ചു ചുണ്ടിൽ വെള്ളം നിറച്ച് ആളിക്കത്തുന്ന കാട്ടുതീ കെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. കുരുവി ഇത് പലതവണ ആവർത്തിച്ചു.

ഇതു കണ്ട മഴദേവൻ കുരുവിയെ പരിഹസിച്ചുകൊണ്ടു ചോദിച്ചു.

"നീ എന്തു മഠയത്തമാണ് കാണിക്കുന്നത്? ഇത്തിരിപ്പോന്ന നിനക്ക് ഈ കാട്ടുതീ കെടുത്താനാവുമോ?"

കുരുവി പറഞ്ഞു. ഈ കാട്ടുതീ ഒത്തിരി മൃഗങ്ങളുടെയും പക്ഷികളുടെയും ജീവനെടുക്കുന്നത് കാണുന്നില്ലേ? അങ്ങയ്ക്ക് ശക്തമായ ഒരു മഴ കൊണ്ട് ഈ കാട്ടുതീ അണയ്ക്കാം. ഞാൻ എനിക്ക് ആവുന്നത് ചെയ്യുന്നു. ഇത്രയും പറഞ്ഞു കുരുവി തന്റെ ജോലി തുടർന്നു. തീ തന്റെ ജീവനെടുക്കുംവരെ.

- ആനന്ദ്

- വൃക്ഷത്തെ സ്നേഹിച്ച ബാലൻ, കുരുവിയും കാട്ടുതീയും എന്നീ കഥകൾ നൽകുന്ന സന്ദേശം എന്ത്?
- ഈ കഥയിലെ കുരുവിയുടെ പ്രവർത്തനത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്ത്?
- പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ നമുക്കും ആവുന്ന രീതിയിൽ ഇടപെടേണ്ടതില്ലേ?

എ. മുകളിൽ കൊടുത്ത മൂന്ന് കാര്യങ്ങളും പരിഗണിച്ച് നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി എഴുതൂ.

ബി. 'കുരുവിയും കാട്ടുതീയും' എന്ന കഥയ്ക്ക് ഉചിതമായ മറ്റൊരു തലക്കെട്ട് നൽകുക.

പ്രവർത്തനം 2

> വിശ്വപ്രകൃതിയിൽ
> നാമൊരു വീടിന്റെ
> വിസ്തൃതിക്കുള്ളിലിരിപ്പൂ
> വിസ്തൃത വാനത്തിൻ
> കീഴിൽ, നാമെത്രയോ
> വിസ്മയമല്ലേയെന്നുണ്ണീ
>
> – ഇ.ജിനൻ

കണ്ണുണ്ടായാൽ പോരാ, കാണണം! ചുറ്റുപാടും ശ്രദ്ധിച്ചു കാണാനുള്ള താൽപര്യം ഉണ്ടാകണം. കാണും തോറും അറിവ് കൂടി വരും. ഓരോന്നും കാണുമ്പോൾ നാം അതെപ്പറ്റി ചിന്തിക്കും. അപ്പോൾ സംശയങ്ങളുണ്ടാകും. ചോദ്യങ്ങൾ ചോദിച്ച് പോകും. ഉത്തരങ്ങൾ തേടും. അപ്പോൾ കൂടുതൽ വിവരങ്ങൾ കണ്ടെത്തും. അപ്പോൾ അതിലും കൂടുതലറിയാൻ ആഗ്രഹം തോന്നും. കൂടുതൽ കൂടുതൽ കാണാനും നിരീക്ഷിക്കാനും പരീക്ഷിക്കാനും ആവേശം തോന്നും. അറിയാനുള്ള ഈ ആവേശമുള്ളവരേ മിടുക്കന്മാരായി വളരൂ.

– പ്രൊഫ.എസ്.ശിവദാസ്

വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകമാണ് പ്രകൃതി. പ്രകൃതിയിലെ വിസ്മയങ്ങൾ അറിഞ്ഞാൽ മാത്രമേ നമുക്ക് സ്നേഹം, കാരുണ്യം, ദയ, സമാധാനം തുടങ്ങിയ ഗുണങ്ങളുള്ള നല്ല മനുഷ്യരാവാൻ സാധിക്കൂ. 'വിശ്വവിദ്യാലയം' എന്ന യൂണിറ്റിലെ മൂന്ന് പാഠഭാഗങ്ങളും ഇതു തന്നെയല്ലേ നമ്മോട് പറയുന്നത്.

"പ്രകൃതിയാണ് ഏറ്റവും വലിയ പാഠശാല" എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുവാൻ ഒരു പ്രസംഗം തയ്യാറാക്കുക. അഭിസംബോധന, ആശയ ക്രമീകരണം, ഉചിതമായ ഉദാഹരണങ്ങൾ, ഉപസംഹാരം എന്നിവ പരിഗണിക്കണം.

പ്രവർത്തനം 3

> 'കിളിനോട്ടം' എന്ന പാഠം വായിച്ചപ്പോഴാണ് പക്ഷികളുടെ ശബ്ദം ശ്രദ്ധിക്കാൻ തുടങ്ങിയത്. കുട്രൂ, കുട്രൂ എന്ന ശബ്ദം കഴിഞ്ഞ മൂന്നു ദിവസമായി ഞാൻ കേൾക്കുന്നുണ്ട്. എവിടെയായിരിക്കും ആ പക്ഷി ഒളിച്ചിരിക്കുന്നത്. ഒന്ന് കാണുവാൻ കഴിഞ്ഞെങ്കിൽ. . . . . . . . . . .
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

മനുവിന്റെ ഡയറിയിലെ ഒരു പേജാണിത്. കിളിനോട്ടം വായിച്ചതിനു ശേഷം നിങ്ങളും കിളികളെ ശ്രദ്ധിക്കുവാൻ തുടങ്ങിയിരിക്കുമല്ലോ? കിളിയുടെ പേര് കണ്ടെത്തിയോ?

അതിന്റെ – ശബ്ദം
- വലിപ്പം
- ആകൃതി
- തൂവലിന്റെ നിറം

- ചുണ്ട്
- കാലുകൾ
- കൂട്
- ഇരപിടിക്കുന്ന രീതി
- . . . . .
- . . . . . ഇവയെല്ലാം കണ്ടെത്തിയിരിക്കും.

എ. ഇവയെല്ലാം ഉൾപ്പെടുത്തി സുഗതകുമാരി ടീച്ചർക്ക് ഒരു **കത്ത്** തയാറാക്കുക.

ബി. 'ഒരു പുലരിയിൽ അതിമനോഹരമായ കിളിപ്പാട്ട് കേട്ടു'. അടിവരയിട്ട പദത്തിന് സമാനമായ പദം താഴെ കൊടുത്തവയിൽ നിന്ന് കണ്ടെത്തി എഴുതുക.

(പ്രഭാതം, സന്ധ്യ, രാവ്)

**പ്രവർത്തനം 4**

> കുന്നിറങ്ങി വരുന്ന നല്ല തണുത്ത വെള്ളം തേയ്മാനം സംഭവിച്ച ഉരുളൻ കല്ലുകൾ തെളിഞ്ഞ വെള്ളത്തിൽ കാണാം. ഈ കല്ലുകളിൽ പ്രകൃതി ശില്പങ്ങൾ തന്നെ ഒരുക്കിയിട്ടുണ്ട്. അവയ്ക്കിടയിലൂടെ നീന്തി തുടിക്കുന്ന സ്വർണ്ണ മത്സ്യങ്ങൾ . . .

തന്റെ വീടിന്റെ മുമ്പിലെ തോടിനെക്കുറിച്ച് ബാലുവിന്റെ വർണ്ണന ഇങ്ങനെയാണ് തുടങ്ങുന്നത്.

നിങ്ങളുടെ മനസ്സിൽ ഭംഗിയുള്ള എത്രയെത്ര ദൃശ്യങ്ങൾ നിറഞ്ഞു നില്ക്കുന്നുണ്ടാകും. വീടിനു ചുറ്റുമുള്ള കാഴ്ചകൾ, തിരക്കേറിയ റോഡുകൾ, വിളഞ്ഞു നില്ക്കുന്ന നെൽപ്പാടങ്ങൾ, പച്ചയുടുപ്പിട്ട മലകൾ, പൂമ്പാറ്റകൾ പറക്കുന്ന പൂന്തോട്ടങ്ങൾ, ഉത്സവ കാഴ്ചകൾ, . . . . . . അങ്ങനെയങ്ങനെ എത്ര എണ്ണം.


എ. നിങ്ങളെ ഏറ്റവും ആകർഷിച്ച ഒരു കാഴ്ചയെക്കുറിച്ച് **വർണ്ണിക്കുക**. ഭംഗിയുള്ള പ്രയോഗങ്ങളും ഉചിതമായ വാക്കുകളും ചേർത്ത് മനോഹരമാക്കണം.

ബി. താഴെ കൊടുത്തവയിൽ ഒളപ്പമണ്ണയുടെ കൃതിയേത്.

(ബാല്യകാലസഖി, ജാലകപ്പക്ഷി, രമണൻ)

**പ്രവർത്തനം 5**

ഒരു ചിത്രം വായിക്കാം.



പ്രവർത്തനം 2

> വിശ്വപ്രകൃതിയിൽ
> നാമൊരു വീടിന്റെ
> വിസ്തൃതിക്കുള്ളിലിരിപ്പൂ
> വിസ്തൃത വാനത്തിൻ
> കീഴിൽ, നാമെത്രയോ
> വിസ്മയമല്ലേയെന്നുണ്ണീ
>
> \- ഇ.ജിനൻ

കണ്ണുണ്ടായാൽ പോരാ, കാണണം! ചുറ്റുപാടും ശ്രദ്ധിച്ചു കാണാനുള്ള താൽപര്യം ഉണ്ടാകണം. കാണും തോറും അറിവ് കൂടി വരും. ഓരോന്നും കാണുമ്പോൾ നാം അതെപ്പറ്റി ചിന്തിക്കും. അപ്പോൾ സംശയങ്ങളുണ്ടാകും. ചോദ്യങ്ങൾ ചോദിച്ച് പോകും. ഉത്തരങ്ങൾ തേടും. അപ്പോൾ കൂടുതൽ വിവരങ്ങൾ കണ്ടെത്തും. അപ്പോൾ അതിലും കൂടുതലറിയാൻ ആഗ്രഹം തോന്നും. കൂടുതൽ കൂടുതൽ കാണാനും നിരീക്ഷിക്കാനും പരീക്ഷിക്കാനും ആവേശം തോന്നും. അറിയാനുള്ള ഈ ആവേശമുള്ളവരേ മിടുക്കന്മാരായി വളരൂ.

\- പ്രൊഫ.എസ്.ശിവദാസ്

വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകമാണ് പ്രകൃതി. പ്രകൃതിയിലെ വിസ്മയങ്ങൾ അറിഞ്ഞാൽ മാത്രമേ നമുക്ക് സ്നേഹം, കാരുണ്യം, ദയ, സമാധാനം തുടങ്ങിയ ഗുണങ്ങളുള്ള നല്ല മനുഷ്യരാവാൻ സാധിക്കൂ. 'വിശ്വവിദ്യാലയം' എന്ന യൂണിറ്റിലെ മൂന്ന് പാഠഭാഗങ്ങളും ഇതു തന്നെയല്ലേ നമ്മോട് പറയുന്നത്.

"പ്രകൃതിയാണ് ഏറ്റവും വലിയ പാഠശാല" എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുവാൻ ഒരു പ്രസംഗം തയ്യാറാക്കുക. അഭിസംബോധന, ആശയ ക്രമീകരണം, ഉചിതമായ ഉദാഹരണങ്ങൾ, ഉപസംഹാരം എന്നിവ പരിഗണിക്കണം.

പ്രവർത്തനം 3

> 'കിളിനോട്ടം' എന്ന പാഠം വായിച്ചപ്പോഴാണ് പക്ഷികളുടെ ശബ്ദം ശ്രദ്ധിക്കാൻ തുടങ്ങിയത്. കുട്രൂ, കുട്രൂ എന്ന ശബ്ദം കഴിഞ്ഞ മൂന്നു ദിവസമായി ഞാൻ കേൾക്കുന്നുണ്ട്. എവിടെയായിരിക്കും ആ പക്ഷി ഒളിച്ചിരിക്കുന്നത്. ഒന്ന് കാണുവാൻ കഴിഞ്ഞെങ്കിൽ. . . . . . . . . . . .
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

മനുവിന്റെ ഡയറിയിലെ ഒരു പേജാണിത്. കിളിനോട്ടം വായിച്ചതിനു ശേഷം നിങ്ങളും കിളികളെ ശ്രദ്ധിക്കുവാൻ തുടങ്ങിയിരിക്കുമല്ലോ? കിളിയുടെ പേര് കണ്ടെത്തിയോ?

അതിന്റെ - ശബ്ദം
- വലിപ്പം
- ആകൃതി
- തൂവലിന്റെ നിറം

- ചുണ്ട്
- കാലുകൾ
- കൂട്
- ഇരപിടിക്കുന്ന രീതി
- . . . . .
- . . . . . ഇവയെല്ലാം കണ്ടെത്തിയിരിക്കും.

എ. ഇവയെല്ലാം ഉൾപ്പെടുത്തി സുഗതകുമാരി ടീച്ചർക്ക് ഒരു കത്ത് തയാറാക്കുക.

ബി. 'ഒരു പുലരിയിൽ അതിമനോഹരമായ കിളിപ്പാട്ട് കേട്ടു'. അടിവരയിട്ട പദത്തിന് സമാനമായ പദം താഴെ കൊടുത്തവയിൽ നിന്ന് കണ്ടെത്തി എഴുതുക.

(പ്രഭാതം, സന്ധ്യ, രാവ്)

**പ്രവർത്തനം 4**

> കുന്നിറങ്ങി വരുന്ന നല്ല തണുത്ത വെള്ളം തേയ്മാനം സംഭവിച്ച ഉരുളൻ കല്ലുകൾ തെളിഞ്ഞ വെള്ളത്തിൽ കാണാം. ഈ കല്ലുകളിൽ പ്രകൃതി ശില്പങ്ങൾ തന്നെ ഒരുക്കിയിട്ടുണ്ട്. അവയ്ക്കിടയിലൂടെ നീന്തി തുടിക്കുന്ന സ്വർണ്ണ മത്സ്യങ്ങൾ . . .

തന്റെ വീടിന്റെ മുമ്പിലെ തോടിനെക്കുറിച്ച് ബാലുവിന്റെ വർണ്ണന ഇങ്ങനെയാണ് തുടങ്ങുന്നത്.

നിങ്ങളുടെ മനസ്സിൽ ഭംഗിയുള്ള എത്രയെത്ര ദൃശ്യങ്ങൾ നിറഞ്ഞു നില്ക്കുന്നുണ്ടാകും. വീടിനു ചുറ്റുമുള്ള കാഴ്ചകൾ, തിരക്കേറിയ റോഡുകൾ, വിളഞ്ഞു നില്ക്കുന്ന നെൽപ്പാടങ്ങൾ, പച്ചയുടുപ്പിട്ട മലകൾ, പൂമ്പാറ്റകൾ പറക്കുന്ന പൂന്തോട്ടങ്ങൾ, ഉത്സവ കാഴ്ചകൾ, . . . . . . അങ്ങനെയങ്ങനെ എത്ര എണ്ണം.


എ. നിങ്ങളെ ഏറ്റവും ആകർഷിച്ച ഒരു കാഴ്ചയെക്കുറിച്ച് വർണ്ണിക്കുക. ഭംഗിയുള്ള പ്രയോഗങ്ങളും ഉചിതമായ വാക്കുകളും ചേർത്ത് മനോഹരമാക്കണം.

ബി. താഴെ കൊടുത്തവയിൽ ഒളപ്പമണ്ണയുടെ കൃതിയേത്.

(ബാല്യകാലസഖി, ജാലകപ്പക്ഷി, രമണൻ)

**പ്രവർത്തനം 5**

ഒരു ചിത്രം വായിക്കാം.



ചിത്രം ശ്രദ്ധിച്ചുവല്ലോ.

- ആരായിരിക്കും ഈ പെൺകുട്ടി?
- എന്തൊക്കെയാണ് ഇവിടെ കാണുന്നത്?
- ഇതിനു മുൻപും പിൻപും എന്തൊക്കെ സംഭവിച്ചിരിക്കാം?

ഈ ചിത്രത്തെ അടിസ്ഥാനമാക്കി ഒരു കഥ തയ്യാറാക്കുക. ഉചിതമായ തലക്കെട്ട് നല്കാൻ മറക്കരുത്.

****